മിക്കുന്നതിന് 11 വൈൽഡ്‌ലൈഫ് അസിസ്റ്റന്റുമാരുടെ തസ്തികകൾ രൂപീകരിക്കാനുള്ള നിർദ്ദേശം.

2. കുമരകം പക്ഷി സങ്കേതത്തിൽ വനം വകുപ്പിന്റെ ഓഫീസിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ടൂറിസം വകുപ്പിൽനിന്നും 50 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് നിർദ്ദേശം.

3. സംസ്ഥാനത്ത് പറമ്പിക്കുളം മേഖലകൾ ഉൾപ്പെടുത്തി പുതിയ കടുവ സംരക്ഷണകേന്ദ്രത്തിനുള്ള നിർദ്ദേശം.

4. വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഹോണററി വൈൽഡ്‌ലൈഫ് വാർഡനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം.

5. വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം

6. വൈൽഡ്‌ലൈഫ് അഡ്വൈസറി ബോർഡ് മെമ്പർമാർക്ക് ഫോറസ്റ്റ് ഗസ്റ്റ്ഹൗസിലും ഐ.ബി.യിലും താമസിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകകൾ അനുവദിക്കുക.

7. ഇരവികുളത്ത് താൽക്കാലികമായി നിയമിച്ചിട്ടുള്ള മുഴുവൻ വാച്ചർമാരെ സ്ഥിരപ്പെടുത്തുക.

8. സംരക്ഷണ വനമേഖലകളിൽ ടൂറിസം പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന റവന്യൂ ഉപയോഗിച്ച് അതതു മേഖലകളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിനുമായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം.

9. വന്യജീവികളുടെയും വന്യജീവി ഉൽപ്പന്നങ്ങളുടെയും കള്ളക്കടത്തും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എയർപോർട്ടുകളിലും കൊച്ചിയിലെ തുറമുഖത്തും ഓരോ എക്സിം പ്രിവൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം.

10. അഗസ്ത്യമലനിരകൾ ഉൾപ്പെടുത്തി ഒരു ബയോസ്ഫിയർ റിസർവ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം.

(ഇ) ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടക്കുന്നത്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ബേഗൂർ റെയിഞ്ചിലെ വൃക്ഷങ്ങൾ കൊള്ളയടിച്ച കേസ്

67 (1890)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട ബ്രഹ്മഗിരി എസ്റ്റേറ്റിലെ നിക്ഷിപ്ത വനഭൂമി ഏറ്റെടുക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട ബേഗൂർ റെയിഞ്ചിലെ സർക്കാർ വനഭൂമിയിൽനിന്നും 15 കോടിയോളം വിലവരുന്ന വീട്ടി, തേക്ക്, മുതലായ മരങ്ങൾ മുറിച്ചു മാറ്റിയതിന് ഉത്തരവാദികളെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടും രണ്ടുവർഷമായിട്ടും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ;

(സി) കേരളാ ഹൈക്കോടതിമേൽ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കേസ്സിൽ പോലീസ് വിജിലൻസ് അന്വേഷണം തുടങ്ങിയിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിലുള്ള വനം വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് പരിശോധിച്ച് നടപടി എടുക്കുവാൻ മുഖ്യവനപാലകൻ വനം കസ്റ്റോഡിയന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിൽ കൈയേറ്റമെന്ന് സംശയിക്കപ്പെടുന്ന സ്ഥലത്ത് മരംമുറി നടന്നതായി വനം വിജിലൻസ് റിപ്പോർട്ട് ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വിജിലൻസ് എൻക്വയറി നടത്താനും ബന്ധപ്പെട്ട ഫോറസ്റ്റ് അധികൃതർക്കെതിരെ നടപടി എടുക്കാനും ആവശ്യപ്പെട്ടുകൊണ്ട് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ചെയർമാനായ ജോജി ജോസഫ് ഫയൽ ചെയ്ത ഒ.പി.നം.18877/98 കേസ്സിൽ തീർപ്പു കല്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി 29.9.98-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം പുരോഗമിച്ചു വരുന്നു.

സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി ലോകബാങ്ക് സഹായം

68 (1891) ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി ലോകബാങ്ക് ഇതേവരെ എന്തു തുക സഹായം നൽകിയിരുന്നു;

(ബി) അതിൽ എന്തു തുക തിരിച്ചു നൽകണമായിരുന്നു;

(സി) പ്രസ്തുത തുക തിരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമായിരുന്നു;

(ഡി) തിരിച്ചു കൊടുക്കേണ്ട തുകയിൽ ഇതുവരെ എന്തു തുക കൊടുത്തു;

(ഇ) ബാക്കി എന്തു തുക തിരിച്ചു കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 60.3 കോടി രൂപ

(ബി) ലോകബാങ്കിൽ നിന്നു ലഭിച്ച 60.3 കോടി രൂപയും കൂടാതെ ബാങ്കിന്റെ സർവ്വീസ് ചാർജും തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly